No.CEE/1600/2018/3LLB-2018//TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

## വിജ്ഞാപനം

## ത്രിവത്സര എൽഎൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ 2018–19 ഉത്തരസൂചിക പ്രസിദ്ധീകരിച്ചു

**2018 സെപ്റ്റംബർ 08, (ശനിയാഴ്ച)** തിരുവനന്തപുരം, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ വച്ച് നടത്തിയ 2018–19 ലെ ത്രിവത്സര എൽഎൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയുടെ ഉത്തര സൂചിക പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഉത്തരസൂചികകൾ സംബന്ധിച്ച് ആക്ഷേപമുള്ള പരീക്ഷാർത്ഥികൾ പരാതിയോടൊപ്പം അനുബന്ധ രേഖകളും, ആക്ഷേപമുന്നയിക്കുന്ന ഓരോ ചോദ്യത്തിനും **100 രൂപ** ഫീസ് എന്ന ക്രമത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റും സഹിതം **17.09.2018, വൈകുന്നേരം 5 മണിക്ക്** മുൻപ് തപാൽ വഴിയോ നേരിട്ടോ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്നതും, നിശ്ചിത ഫീസില്ലാതെ ലഭിക്കുന്നതും, e-mail, ഫാക്സ് എന്നിവ മുഖാന്തിരം ലഭിക്കുന്നതുമായ പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഉന്നയിച്ചിരിക്കുന്ന ആക്ഷേപം ശരിയാണെന്ന് ബോധ്യപ്പെട്ടാൽ അതിന് വേണ്ടി നൽകിയ തുക തിരികെ നൽകുന്നതാണ്.

തിരുവനന്തപുരം
12.09.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**